പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2608 — 21/06/2012 ൽ മറുപടിയ്ക്ക്

## നടുവണ്ണൂർ ഗവൺമെന്റ് ഹയർ സെക്കൻണ്ടറി സ്കൂൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പുരുഷൻ കടലുണ്ടി : | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ നടുവണ്ണൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ ഒരു കെട്ടിടം അപകടകരമാം വിധം തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>ബി) ഉണ്ടെങ്കിൽ അടുത്ത അദ്ധ്യായന വർഷം ആരംഭത്തിലുണ്ടാവുന്ന മൺസൂൺ മഴയിൽ ഇവിടെ സുരക്ഷിതമായ പഠന സൗകര്യം ഒരുക്കുന്നതിന് എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ ? | (എ) യും (ബി) യും നടുവണ്ണൂർ ഗവ: ഹയർ സെക്കന്ററി സ്കൂളിലെ 5 ക്ലാസ്സ് മുറികൾ പ്രവർത്തിക്കുന്ന ഒരു കെട്ടിടത്തിന് അറ്റകുറ്റ പണികൾ ആവശ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെട്ടിടം അപകടകരമാംവിധം തകർന്നതല്ല, മറിച്ച് ചോർച്ച എന്നാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. ഇക്കാര്യം എസ്.എസ്.എ-യുടെ ശ്രദ്ധയിൽ കൊണ്ടുവരികയും, അവർ ഈ കെട്ടിടത്തിന് മുകളിൽ ഷീറ്റിടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

Sajikumar .N

സെക്ഷൻ ഓഫീസർ